# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 382** 28-11-2018 - ൽ മറുപടിയ്ക്ക്

**ഉപഭോക്തൃ ഫോറങ്ങളുടെ പ്രവർത്തനം**

**ചോദ്യം** **മറുപടി**

**ശ്രീ. അനൂപ് ജേക്കബ്**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രവർത്തിയ്ക്കുന്ന ഉപഭോക്തൃ ഫോറങ്ങളിൽ അംഗങ്ങളെ നിയമിക്കാത്തതിനാൽ അവയുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>(ബി) &<br>(സി) | സംസ്ഥാനത്ത് പ്രവർത്തിയ്ക്കുന്ന ജില്ല ഉപഭോക്തൃ ഫോറങ്ങളിലെ പ്രസിഡന്റ്/ അംഗങ്ങൾ വിരമിച്ചതുമൂലമുള്ള പല ഒഴിവുകളിലും മറ്റ് ജില്ല ഉപഭോക്തൃ ഫോറങ്ങളിലെ പ്രസിഡന്റുമാർക്കും മെമ്പർമാർക്കും അധിക ചുമതല നല്കിയിട്ടുണ്ട്. ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അപേക്ഷകരുടെ പാനൽ ജില്ലാ കളക്ടർമാരിൽ നിന്ന് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അടിയന്തിരമായി അംഗങ്ങളെ നിയമിയ്ക്കാൻ നടപടി സ്വീകരിയ്ക്കുമോ; | | |
| (സി) | ഉപഭോക്തൃ ഫോറങ്ങളുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലായത് കാരണം പൊതുജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ